പേവിഷ നിർമ്മാർജ്ജന ബോധവൽക്കരണം

9 (674) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേവിഷ നിർമ്മാർജ്ജന ബോധവൽക്കരണം സംഘടിപ്പിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നതു വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

അനിമൽ വെൽഫെയർ ബോർഡിന്റെയും സർക്കാർ ഇതര സംഘടനകളുടെയും സഹായത്തോടെ പേവിഷബാധയ്ക്കെതിരായി ഒരു സുപ്രധാന പ്രചാരണ പരിപാടി ആരംഭിക്കുന്നതിനും ഇതിലേക്കായി കേന്ദ്രഫണ്ട് സ്വരൂപിക്കുന്നതിനും വേണ്ടി 2014-15 വർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

ഇതുമായി ബന്ധപ്പെട്ട് 16-7-2014-ൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽവച്ച് നടന്ന യോഗത്തിൽ അനിമൽ ബർത്ത് കൺട്രോളിന് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു എന്നാൽ ഈ വിഷയത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനമോ നൈപുണ്യമോ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് ഇല്ലാത്തതിനാൽ പേവിഷ ബാധയ്ക്കെതിരായ പ്രചാരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിനെ ചുമതലപ്പെടുത്താൻ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ പദ്ധതി ആരോഗ്യവകുപ്പിന് കീഴിലുള്ളതായതിനാൽ ആന്റി റാബീസ് വാക്സിനുകളും ആന്റി റാബീസ് ഇമ്മ്യൂണോ ഗ്ലോബുലിനും വാങ്ങുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 6-5-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1328/15/ആ.കു.വ. പ്രകാരം ആന്റി റാബീസ് പദ്ധതി നടപ്പിലാക്കുന്നതിന് ആന്റി റാബീസ് വാക്സിനുകൾ 99,99,945.50 രൂപയ്ക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും 2015-16-ൽ ടി തുക ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് പോസ്റ്റ് ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly